# പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **22.05.2017-ന് മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 5012**

## സ്കൂളുകളിൽ ശുചിമുറിയുടെ അപര്യാപ്തത

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.സി. ദിവാകരൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ ശുചിമുറിയുടെ അപര്യാപ്തതയും, ശുചിത്വക്കുറവും, കൂടാതെ പെൺകുട്ടികൾക്ക് ഉപയോഗിച്ച സാനിറ്ററി നാപ്കിൻ നശിപ്പിക്കാനോ കളയാനോ പറ്റാത്ത സാഹചര്യവും നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതുമൂലം പെൺകുട്ടികൾ വളരെയധികം ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (സി) ജലലഭ്യതയോടുകൂടിയ യൂറിനൽ, ശൗചാലയം, പെൺകുട്ടികൾക്കായുള്ള നാപ്കിൻ വെൻഡിംഗ് മെഷീൻ, മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഇൻസിനറേറ്ററുകൾ എന്നിവ എല്ലാ സ്കൂളുകളിലും ലഭ്യമാക്കുവാനുള്ള അടിയന്തിര നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സാനിട്ടറി നാപ്കിനുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ